മാധ്യമം

13 November 2017

# മത്സ്യമേഖലയിൽ ഇൻഷുറൻസ് പരിരക്ഷ കാര്യക്ഷമമല്ലെന്ന് പഠനം

- ഉയർന്ന പ്രീമിയവും നടപടിക്രമങ്ങളിലെ സങ്കീർണതയും തൊഴിലാളികളെ പിന്തിരിപ്പിക്കുന്നു

**കൊച്ചി:** മത്സ്യമേഖലയിൽ ഇൻഷുറൻസ് പരിരക്ഷ തീർത്തും കാര്യക്ഷമമല്ലെന്ന് പഠനം. മറ്റു കാർഷിക മേഖലകളെ അപേക്ഷിച്ച് മത്സ്യമേഖലയിൽ ഇൻഷുറൻസ് പോളിസികൾ വളരെ കുറവാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) ഏറ്റവും പുതിയ പഠന റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

കടലിൽ മീൻ പിടിക്കുന്നവർക്കുള്ള അപകട ഇൻഷുറൻസ് പരിരക്ഷ മാത്രമാണ് പ്രചാരത്തിലുള്ളത്. എന്നാൽ, മീൻപിടിത്ത ബോട്ടുകൾക്കും ഉപകരണങ്ങൾക്കുമുള്ള കേടുപാട്, തീരദേശ ജംഗമ വസ്തുക്കൾക്ക് സംഭവിക്കുന്ന നാശനഷ്ടം തുടങ്ങിയവക്ക് കേരളത്തിലുൾപ്പെടെ പരിമിതമായ ഇൻഷുറൻസ് പരിരക്ഷയേ ഉള്ളൂ. മത്സ്യങ്ങൾ വൻതോതിൽ ഇല്ലാതാകുന്നതുകൊണ്ടുള്ള നഷ്ടം, കടലിൽ കൃഷിചെയ്യാനുപയോഗിക്കുന്ന കൂടുകൾക്ക് സംഭവിക്കുന്ന കേടുപാട്, മത്സ്യകൃഷിയിലെ നഷ്ടം എന്നിവക്ക് രാജ്യത്തെവിടെയും ഇൻഷുറൻസ് സംരക്ഷണമില്ലെന്നും പഠനം വ്യക്തമാക്കുന്നു. സി.എം.എഫ്.ആർ.ഐ.യിലെ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗം ശാസ്ത്രജ്ഞൻ ഡോ. ഷിനോജ് പാറപ്പുറത്താണ് പഠനത്തിന് നേതൃത്വം നൽകിയത്. കേരളം, തമിഴ്നാട്, ആന്ധ്ര, ഗുജറാത്ത്, ഒഡിഷ സംസ്ഥാനങ്ങളിലെ 14 മീൻപിടിത്ത കേന്ദ്രങ്ങളിലും കേരളത്തിലെയും തമിഴ്നാട്ടിലെയും മത്സ്യകർഷകർക്കിടയിലുമായിരുന്നു പഠനം. കേരളത്തിൽ



ഒരു സ്ഥലത്ത് മാത്രമാണ് മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പോളിസി എടുത്തിട്ടുള്ളതെന്ന് കണ്ടെത്തി. മത്സ്യബന്ധന ബോട്ടുകൾക്ക് കേരളം, തമിഴ്നാട്, ആന്ധ്ര സംസ്ഥാനങ്ങളിൽ നാമമാത്ര ഇൻഷുറൻസ് പരിരക്ഷയാണുള്ളത്. എന്നാൽ, കേരളത്തിൽ 80 ശതമാനം പേരും വ്യക്തിഗത അപകട ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്.

ഉയർന്ന പ്രീമിയവും ഭാഗിക കേടുപാടുകൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കാത്തതും നടപടിക്രമങ്ങളിലെ സങ്കീർണതയും മത്സ്യത്തൊഴിലാളി സമൂഹത്തെ ഇൻഷുറൻസ് പരിരക്ഷ നേടുന്നതിൽനിന്ന് പിന്തിരിപ്പിക്കുന്നതായി പഠനം പറയുന്നു.